⇨ ഇതു കേട്ടതോടെ വാസ്‌വോ എക്സ് ക്ഷുഭിതനായി ⇨

# നോക്കുകൂലിയേക്കാൾ ശ്രേഷ്ഠമാണോ മുക്കുകൂലി?

കയറ്റിറക്കു തൊഴിൽ മേഖലയിൽ നില നിൽക്കുന്ന നോക്കുകൂലി സമ്പ്രദായത്തി നെതിരെ, 'അട്ടിമറികൊണ്ടൊരു പ്രതിഷ്ഠാപന കല' എന്ന പേരിൽ എഡിറ്റോറിയൽ എഴുതി ധാർമ്മികരോഷം കൊള്ളുന്ന മലയാള മനോരമ പരസ്യക്കൂലിയുടെ പേരിൽ വാർത്തകൾ മുക്കുന്ന സ്വന്തം ദുഷ്പ്രവണത കാണാതെ പോകുന്നത് എന്തുകൊണ്ടാണ്?

**എസ്. നാരായണൻ**

**കഴിഞ്ഞ** ഏപ്രിൽ മാസം ഏഴാം തിയ്യതിയിലെ പ ത്രത്തിൽ 'അട്ടിമറികൊണ്ടൊരു പ്രതിഷ്ഠാപനകല' എന്ന പേരിൽ മലയാള മനോരമ ഒരു മുഖപ്രസംഗം കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ കയറ്റിറക്കു തൊഴി ലാളികൾക്കിടയിൽ നടമാടുന്ന അനഭിലഷണീയ പ്ര വണതകൾക്കെതിരെയുള്ള ഒരു വർത്തമാനപത്രത്തി ന്റെ എതിർപ്പാണ് ആ മുഖപ്രസംഗത്തിന്റെ കാതൽ. നോക്കുകൂലി എന്ന പേരിൽ കേരളത്തിലെ കയറ്റിറ ക്കു തൊഴിലാളികൾ നടത്തുന്ന പിടിച്ചുപറിക്കെതിരെ യാണ് മനോരമ പടഹധ്വനികൾ മുഴക്കുന്നത്.

നൂറ്റിയെട്ടുദിവസമായി കൊച്ചിയിൽ നടന്ന കൊച്ചി -മുസിരിസ് ബിനാലെയുടെ സമാപനത്തോടനുബന്ധി ച്ച് ഒരു കലാകാരനുണ്ടായ അനുഭവമാണ് മനോരമ യെ അരിശം കൊള്ളിച്ചത്. കലാകാരൻ അമേരിക്ക ക്കാരൻ കൂടിയാകുമ്പോൾ സംഗതി വെച്ചുപൊറുപ്പി ക്കാനും പറ്റില്ലല്ലോ. വാസ്‌വോ എക്സ് എന്ന അമേരി ക്കൻ കലാകാരൻ ബിനാലെയിൽ പ്രദർശിപ്പിച്ച തന്റെ കലാസൃഷ്ടികൾ വാഹനത്തിൽ കയറ്റുന്നതിനുവേ ണ്ടി തൊഴിലാളികളെ സമീപിച്ചു. ഭീമമായ കൂലിയാ ണ് കയറ്റിറക്കുതൊഴിലാളികൾ അദ്ദേഹത്തോട് ആവ ശ്യപ്പെട്ടത്. ഏകദേശം അറുപതിനായിരം രൂപയാണ് അവർ ചോദിച്ചത്. അത്രയും ഇന്ത്യൻ രൂപയെടുക്കാൻ തന്റെ കൈയ്യിലില്ലെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. എങ്കിൽ കുറച്ചു തുക തങ്ങൾക്ക് തന്ന് കാര്യം അവ സാനിപ്പിക്കണമെന്നായി തൊഴിലാളികൾ. ഇതു കേട്ട തോടെ വാസ്‌വോ എക്സ് ക്ഷുഭിതനായി. 'ജോലിയെ ടുക്കാതെ പണം ചോദിക്കുന്ന ഒരിടം ഇവിടെയല്ലാതെ വേറെവിടെയുമുണ്ടാകില്ല' എന്നാണ് അദ്ദേഹം രോഷ ത്തോട പ്രതികരിച്ചത്. മാത്രവുമല്ല, പ്രതിഷേധസൂച കമായി ശില്പത്തിന്റെ ഒരു ഭാഗമെടുത്ത് പ്രദർശന വേദിയുടെ മുന്നിൽ കൊണ്ടുപോയി അദ്ദേഹം ഉടച്ചു കളയുകയും ചെയ്തു. മനോരമ മുഖപ്രസംഗത്തിൽ തുടരുന്നു. "അതുകൊണ്ടും അരിശം തീരാതെ, കലാ സൃഷ്ടി നശിപ്പിക്കുന്നതിന്റ വീഡിയോ ചിത്രം വാസ് വോ യു ട്യൂബിൽ പോസ്റ്റ് ചെയ്യുകയുമുണ്ടായി. മണി ക്കൂറുകൾക്കകം വൈറലായി മാറിയ ആ വീഡിയോ യുടെ പശ്ചാത്തലം പല വിദേശ മാധ്യമങ്ങളും വാർ ത്തയാക്കി. വീഡിയോയിൽ കേരളത്തിലെ കയറ്റിറക്കു തൊഴിലാളികളുടെ ധാർമ്മികതയില്ലായ്മയെ പറ്റി വി ശദീകരിക്കുന്ന കൂട്ടത്തിൽ വാസ്‌വോ ഇങ്ങിനെയും പ റയുന്നു. 'അവരോട് വില പേശുന്നതിനേക്കാൾ നല്ലത്


ESTABLISHED 1888

അട്ടിമറി കൊണ്ടൊരു പ്രതിഷ്ഠാപന കല

അപമാനിക്കപ്പെട്ട ബിനാലെ കലാകാരനോടു മാപ്പുചോദിക്കാം

ഏപ്രിൽ 7ലെ മലയാള മനോരമ എഡിറ്റോറിയൽ

സാധനങ്ങൾ എറിഞ്ഞുടക്കുന്നതാണ്.' ഇനിയുള്ള ബിനാലെകളിൽ പങ്കുകൊള്ളാനെത്തുന്ന വിദേശ കലാകാരന്മാരുടെ മാത്രമല്ല, കേരളീയ സൗന്ദര്യം  നുകരാനെത്തുന്ന വിദേശ സഞ്ചാരികളുടെ തന്നെ മനം മടുപ്പിക്കുന്നതല്ലേ ഇത്തരം സംഭവങ്ങൾ?"

മനോരമയുടെ മുഖപ്രസംഗം വളരെ പ്രസക്തം തന്നെയാണ്. പണിയെടുക്കാതെ പണം പറ്റുന്ന നോക്കുകൂലി എന്ന ഏർപ്പാടിനെ ആരും ന്യായീകരിക്കുമെന്ന് തോന്നുന്നില്ല. നോക്കുകൂലിയെ എതിർക്കുന്ന  മനോരമ ആ കണ്ണാടി സ്വന്തം മുഖത്തിനു നേരെ പിടിക്കുമോ എന്നതാണ് ചോദ്യം. കണ്ണാടി സ്വന്തം മുഖത്തിനു നേരെ പിടിക്കുമെങ്കിൽ, അതിൽ പ്രത്യക്ഷപ്പെടുന്ന, മനോരമയ്ക്ക് പത്രം മുക്കിക്കൊന്ന വാർത്തകളുടെ ജഡങ്ങളെ സംബന്ധിച്ച് എന്ത് ന്യായീകരണമാണ് പറയാനുണ്ടാകുക? മറ്റുള്ളവർ കാണിക്കേണ്ട ധാർമ്മികതയെക്കുറിച്ച് വിറളിപിടിക്കുന്നവർ സ്വന്തം കാര്യത്തിൽ കുറച്ചെങ്കിലും അത് പുലർത്തേണ്ടതല്ലേ? ഒന്നോ രണ്ടോ വിദേശികൾക്ക് വല്ലപ്പോഴുമുണ്ടാകുന്ന ഇത്തരം അനുഭവങ്ങളെ 'സംസ്കാരരാഹിത്യത്തിന്റെ വിരൂപശില്പം' എന്നൊക്കെ വിശേഷിപ്പിച്ച് കലിതുള്ളുന്ന മനോരമ 65–70 ലക്ഷത്തോളം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളെ മനുഷ്യരായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് നടന്ന ഒരു സമരത്തോട് ഏതു തരത്തിലാണ് പ്രതികരിച്ചത് എന്നറിയുന്നത് നന്നായിരിക്കും.

പരസ്യക്കൂലി ഇനത്തിൽ ലക്ഷങ്ങൾ ലഭിക്കുന്ന മുക്കുകൂലി വാങ്ങി നാടിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ തമസ്കരിക്കുന്നത് ധാർമ്മിക നടപടിയും നൂറോ ഇരുന്നൂറോ രൂപ നോക്കുകൂലിയായി വാങ്ങുന്നത് സംസ്കാരരാഹിത്യവുമാകുന്നത് ഏതർത്ഥത്തിലാണ്? യഥാർത്ഥത്തിൽ ആരാണ് അട്ടിമറി നടത്തി സാധാരണക്കാരന്റെ ജീവിതത്തെ ദുരിതപൂർണ്ണമാകുന്നത്? തൃശൂരിലെ കല്ല്യാൺ സാരീസ് എന്ന സ്ഥാപനത്തിലെ സെയിൽസ് വിഭാഗത്തിലെ 6 സ്ത്രീതൊഴിലാളികൾ 106 ദിവസമായി ആ സ്ഥാപനത്തിനു മുന്നിൽ പന്തൽകെട്ടി സമരത്തിലായിരുന്നു. തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്നതിനേക്കാൾ മനുഷ്യാവകാശ പ്രശ്നങ്ങളായിരുന്നു അവർ ഉന്നയിച്ചത്. പത്തും പന്ത്രണ്ടും മണിക്കൂർ നീണ്ടുനിൽക്കുന്ന ജോലി, അത്രയും സമയം ഇരിക്കാൻ അനുവദിക്കാതിരിക്കൽ, മൂത്രമൊഴിക്കാൻ സമയം കൊടുക്കാതിരിക്കൽ, 20 മിനിറ്റിനുള്ളിൽ അഞ്ച് നിലകൾ കോണിപ്പടി കയറി ഉച്ചഭക്ഷണം കഴിച്ച് തിരിച്ചു റിപ്പോർട്ടു ചെയ്യേണ്ട അവസ്ഥ, അടിസ്ഥാന ശമ്പളം പോലും അനുവദിക്കാതിരിക്കൽ എന്നിങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി ഷോപ്പിനുള്ളിൽ സംഘടന രൂപീകരിച്ചു എന്നതാണ് അവർ ചെയ്ത കുറ്റം. ഉടൻ തന്നെ അവരെ തിരുവനന്തപുരത്തേക്കും കണ്ണൂരിലേക്കും മാനേജ്മെന്റ് സ്ഥലം മാറ്റുകയായിരുന്നു. അയ്യായിരവും ആറായിരവും ശമ്പളം വാങ്ങിക്കുന്നവർ അന്യസ്ഥലത്ത് വാടകയും ഭക്ഷണച്ചെലവും കൊടുത്ത് ജീവിക്കാനാകാതെ വരുമ്പോൾ സ്വയം പിരിഞ്ഞുപോകുമെന്നായിരുന്നു മാനേജ്മെന്റ് കരുതിയത്. പക്ഷേ.  അവർ 106 ദിവസത്തോളം സ്ഥാപനത്തിനുമുന്നിൽ പന്തൽക്കെട്ടി സമരം നടത്തി. മുപ്പതിലധികം സംഘടനകൾ അവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് പന്തലിലെത്തി. ലോകത്തെമ്പാടുമുള്ള മലയാളികൾ സോഷ്യൽ മീഡിയയിലൂടെ അവരെ പിന്തുണച്ചു. ഓൺലൈൻ കൂട്ടായ്മയിലൂടെയും നാട്ടിലുടനീളം നടന്നും സമരം ചെയ്യുന്നവർക്ക് ജീവിതം നിലനിർത്താനാവശ്യമായ പണം ജനങ്ങൾ പിരിച്ചെടുത്തു നൽകി. അവസാനത്തെ ഒരു മാസം

ഓരോ സംഘടനയിൽ നിന്നും മൂന്നുപേർ വീതം സമരത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് സമരപന്തലിൽ ഉപവാസം അനുഷ്ഠിച്ചു. പ്രതിപക്ഷ നേതാവ് നിയമസഭയിൽ ഈ വിഷയം സബ് മിഷനായി ഉന്നയിച്ചു. തൊഴിൽ മന്ത്രിക്ക് എങ്ങും തൊടാതെയാണെങ്കിലും അതിന് മറുപടി പറയേണ്ടിവന്നു. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുള്ള എം.എൽ.എമാരടക്കം നിരവധി പ്രമുഖർ സമരപ്പന്തലിലെത്തി അഭിവാദ്യമർപ്പിച്ചു. പിടിവാശി കാണിക്കുന്ന കല്ല്യാൺ മാനേജ്മെന്റിന്റെ ഉല്പന്നങ്ങൾ ബഹിഷ്ക്കരിക്കുക എന്ന മുദ്രവാക്യം നാട്ടിലാകെ ഉയർന്നു. ഇതിന്റെയെല്ലാം ഭാഗമായി തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ ഒന്നൊന്നായി കല്ല്യാൺ സാരീസിൽ നടപ്പാക്കി തുടങ്ങി. ശമ്പളം, കുറഞ്ഞത് 7200 രൂപയെങ്കിലും എല്ലാവർക്കും ലഭിച്ചുതുടങ്ങി. ഇരിക്കാൻ കസേരകൾ കൊടുത്തു. ജോലി സമയം പത്ത് മുതൽ ഏഴ് വരെയാക്കി കുറച്ചു. ശമ്പളത്തിൽ നിന്നും പിടിക്കുന്ന ഇ.എസ്.ഐ, പി.എഫ് എന്നിവക്ക് രേഖകൾ കിട്ടിതുടങ്ങി. ഇത് കല്ല്യാൺ സാരീസിൽ മാത്രമല്ല, തൃശൂരിലെ മറ്റു തുണിക്കടകളിലും നിലവിൽ വന്നു. സമരത്തിന്റെ ഫലമായി കല്ല്യാൺ സാരീസിലെ 250–ഓളം ജീവനക്കാർക്കും ആനുകൂല്യങ്ങൾ കിട്ടിയെങ്കിലും 6 തൊഴിലാളികളെ തിരിച്ചെടുക്കുന്ന കാര്യത്തിൽ അപ്പോഴും തീരുമാനമായില്ല. അതിനാൽ അവർ സമരം തുടർന്നു. അവസാനഘട്ടത്തിൽ ഒത്തുതീർപ്പു ചർച്ചയുടെ ഭാഗമായി സമരം ചെയ്ത 6 തൊഴിലാളികളേയും സമരം ചെയ്തകാലത്തെ ശമ്പളമടക്കം എല്ലാ ആനുകൂല്യങ്ങളോടും കൂടി തൃശൂരിൽ തന്നെയുള്ള ഡെപ്പോയിലേക്ക് തിരിച്ചെടുത്തു. ഡെപ്പോയിലേക്കുള്ള നിയമനത്തിൽ പൂർണ്ണതൃപ്തരല്ലെങ്കിലും തൊഴിലാളികളും സമരത്തിൽ പങ്കെടുത്തവരും സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി മാനേജ്മെന്റുമായുള്ള ചർച്ചയിലൂടെ ഒത്തുതീർപ്പിലെത്തുകയായിരുന്നു.

സമരം തുടങ്ങുന്നതിനുമുൻപ് തങ്ങളുടെ ആവശ്യങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി പത്മിനി, മായ, അൽഫോൺസ, രജനി, ദേവി, ബീന എന്നീ തൊഴിലാളികൾ ചേർന്ന് പിരിവെടുത്ത് 1500 രൂപ പ്രസ്സ് ക്ലബ്ബിൽ അടച്ച് പത്ര സമ്മേളനം നടത്തിയിരുന്നു. മനോരമയെ പോലുള്ള പത്രങ്ങൾ ഒരു വരിപോലും വാർത്തയായി കൊടുത്തില്ല. സമരപന്തലിൽ നടക്കുന്ന വിശേഷങ്ങൾ എല്ലാ ദിവസവും പത്രക്കുറിപ്പായി ഓരോ പത്രത്തിനും എത്തിച്ചിരുന്നു. സമരം ഒത്തു തീർന്ന വാർത്തപോലും പത്രത്തിലൂടെ അറിയിക്കാൻ മനോരമാദികൾ തയ്യാറായില്ല. സമരം അവസാനിച്ചു എന്ന വാർത്ത വാസ്തവത്തിൽ മാനേജ്മെന്റിനുപോലും താല്പര്യമുള്ളതായിരുന്നു. പക്ഷേ, രാജാവിനേക്കാൾ വലിയ രാജഭക്തി കാണിച്ചുകൊണ്ട് മലയാളപത്രങ്ങൾ വാലും ചുരുട്ടി നിന്നുകൊടുത്തു. മാധ്യമം, ജനയുഗം, മെട്രോ വാർത്ത തുടങ്ങി വിരലിലെണ്ണാവുന്ന ഏതാനും പത്രങ്ങൾ മാത്രമാണ് സമരവാർത്ത കൊടുക്കാൻ തയ്യാറായത്.

കേരളത്തിലെ ജനസംഖ്യയിൽ ഏകദേശം അഞ്ചിലൊന്നോളം വരുന്ന വിഭാഗത്തിന് ആത്മവീര്യം കൊടുക്കേണ്ട സമരമാണ് കല്ല്യാൺ സാരീസിനു മുന്നിൽ നടന്നത്. പക്ഷേ, ഈ അടിമ വിഭാഗം അങ്ങിനെ തന്നെ തുടർന്നോട്ടെ എന്ന മനോഭാവമാണ് കേരളത്തിലെ പത്രങ്ങളും ചാനലുകളും കൈകൊണ്ടത്. സമരം നടക്കുന്ന ദിവസങ്ങളിൽ കല്ല്യാണിന്റെ പുതിയ ഷോറൂമുകളുടെ ഉദ്ഘാടന മാമാങ്കത്തെ പറ്റിയും റിഡക്ഷൻ സെയിലിനെ പറ്റിയുമൊക്കെ നിരന്തരം വാർത്തകളും പരസ്യങ്ങളും പത്രങ്ങൾ കൊടുത്തുകൊണ്ടിരുന്നു. കല്ല്യാണിന്റെ ഉടമകളിലൊരാൾക്ക്, മനുഷ്യവംശത്തിന് അദ്ദേഹം നൽകിയ സംഭാവനയുടെ പേരിൽ ലഭിച്ച പുരസ്കാരത്തെ പറ്റിയും പത്രങ്ങൾ വാഴ്ത്തിയെഴുതി. ഇന്നുവരെ കല്ല്യാണിന്റെ ഒരു പരസ്യവും കിട്ടിയില്ലാത്ത ഒരു കുട്ടിപത്രത്തിന്റെ പ്രതിനിധിയോട്, ‘നിങ്ങൾക്കെങ്കിലും ഒരുവരി സമരത്തെപ്പറ്റി കൊടുത്തുകൂടെ?’ എന്ന് ചോദിച്ചപ്പോൾ കിട്ടിയ മറുപടി ‘ഭാവിയിൽ ചിലപ്പോൾ കിട്ടിയാലോ’ എന്നായിരുന്നു.

ഈ അടിമ വിഭാഗം അങ്ങിനെ തന്നെ തുടർന്നോട്ടെ എന്ന മനോഭാവമാണ് കേരളത്തിലെ പത്രങ്ങളും ചാനലുകളും കൈകൊണ്ടത്. സമരം നടക്കുന്ന ദിവസങ്ങളിൽ കല്ല്യാണിന്റെ പുതിയ ഷോറൂമുകളുടെ ഉദ്ഘാടന മാമാങ്കത്തെ പറ്റിയും റിഡക്ഷൻ സെയിലിനെ പറ്റിയുമൊക്കെ നിരന്തരം വാർത്തകളും പരസ്യങ്ങളും പത്രങ്ങൾ കൊടുത്തുകൊണ്ടിരുന്നു.

⇨ ആ ധീരപ്രതികരണത്തിന്റെ കൂടി ഫലമാകണം അദ്ദേഹം ഇന്ന് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി അംഗമാണ് ⇨



വാർത്താ തമസ്ക്കരണത്തിനെതിരായ ഇരിക്കൽ സമരത്തിന്റെ പ്രതിഷേധം

കോടിക്കണക്കിനു രൂപ മാസാമാസം പരസ്യയിനത്തിൽ കല്ല്യാണിൽ നിന്നും വാങ്ങി, അവർ ഇട്ടുകൊടുക്കുന്ന ജാക്കറ്റുമണിഞ്ഞ് പുറത്തിറങ്ങുന്ന മനോരമക്ക് അവിടത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾ തങ്ങളുടെ പത്രത്തിൽ കൊടുക്കാതെ മുക്കികളയുന്നതിൽ ഒരു വിധത്തിലുള്ള ധാർമ്മിക വ്യസനങ്ങളുമുണ്ടായില്ല. തലേക്കെട്ട് ധരിച്ച് മുറിബീഡിയും വലിച്ച് നൂറോ ഇരുന്നൂറോ രൂപ നോക്കുകൂലി ചോദിക്കുന്നതാണ് മനോരമക്ക് ലോകത്തിലെ ഏറ്റവും കൊടിയ അനീതിയും അധർമ്മവും. ഉറുപ്പിക ലക്ഷങ്ങളും കോടികളുമാകുമ്പോൾ, അത് വാങ്ങുന്നത് എയർകണ്ടീഷൻ ഓഫീസിൽവെച്ച് കോട്ടും ഷൂസും ധരിച്ചുകൊണ്ടാവുമ്പോൾ മുക്കുകൂലി എന്നത് നോക്കുകൂലിയേക്കാൾ ധർമ്മവും നീതിയുമുള്ളതാകുന്നു. മനോരമ, മാതൃഭൂമി എന്നീ പത്രങ്ങളെ പോലെ തന്നെ സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി, ബി.എം.എസ് തുടങ്ങിയ തൊഴിലാളി സംഘടനകൾ എന്തുകൊണ്ട് കല്ല്യാൺ സമരത്തെ പിന്തുണക്കുന്നില്ല എന്ന ചോദ്യം അസ്ഥാനത്താണ്. എത്രയോ കാലമായി തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന മഹത്തായ പാരമ്പര്യവും ചരിത്രവുമൊക്കെയുള്ള സംഘടനകളാണ് അവർ. അവർ പടിപടിയായി വളർന്ന് സർക്കാർ ഉദ്യോഗസ്ഥരേയും പൊതുമേഖലാ ജീവനക്കാരേയും മാത്രമേ സംഘടിപ്പിക്കൂ എന്ന നിലയിലെത്തിക്കഴിഞ്ഞു. കയർത്തൊഴിലാളികളേയും ബീഡിത്തെറുപ്പുകാരേയും കർഷകതൊഴിലാളികളേയും സംഘടിപ്പിച്ച കഥയൊക്കെ പണ്ട്. ഒരു പ്രസ്ഥാനം എക്കാലവും ദരിദ്രവാസികളെ മാത്രമേ സംഘടിപ്പിക്കാവൂ എന്നു പറയുന്നത് സാമാന്യ യുക്തിക്കു നിരക്കുന്ന കാര്യമല്ല. നമ്മുടെ മുഖ്യധാരാ തൊഴിലാളി യൂണിയനുകളൊക്കെ തൊഴിലാളികളുടെ മുതലാളിമാരായി വളർന്നു കഴിഞ്ഞു. കണ്ണുപൊട്ടനെയും ചെകിടുപൊട്ടനെയയും മുടന്തനെയും സൗജന്യമായി കയറ്റിയിരുത്തുന്നതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി നഷ്ടത്തിലോടുന്നതെന്ന് സി.ഐ.ടി.യുവിന്റെ സെക്രട്ടറിയായ കരീംഭായ് മുഖത്തടിച്ചപോലെ പറഞ്ഞുകഴിഞ്ഞു. വെറും സെയിൽസ് ഗേൾസ് മാത്രമായ പെണ്ണുങ്ങൾ കല്ല്യാണിന് മുന്നിൽ നടത്തിയ സമരത്തെ 'ആപ്പ–ഊപ്പകളുടെ' സമരം എന്നൊക്കെയായിരിക്കാം സി.ഐ.ടി.യുവിന്റെ കമ്മിറ്റി മീറ്റിംഗുകളിൽ പരാമർശിച്ചിരിക്കുക. എളമരം പരസ്യമീറ്റിംഗുകളിൽ ഇത്തരത്തിലാണ് പറയുന്നതെങ്കിൽ അതിനുള്ളിലെ മൂത്തമരങ്ങൾ രഹസ്യമീറ്റിംഗുകളിൽ ഏതുതരത്തിലായിരിക്കും പറയുകയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കിടപ്പാടം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി കിനാലൂരിലെ ജനങ്ങൾ തെരുവിലിറങ്ങിയപ്പോൾ അന്നത്തെ വ്യവസായ വകുപ്പ് സചിവനായിരുന്ന കരീംഭായ് പോലീസിനെക്കൊണ്ട് പ്രതിഷേധക്കാരുടെ തലതല്ലിപ്പൊട്ടിച്ചുകൊണ്ട് ചോദിച്ചത് 'തെങ്ങിന്റെ മണ്ടയിലാണോ വ്യവസായം വരുക' എന്നായിരുന്നു. ആ ധീരപ്രതികരണത്തിന്റെ കൂടി ഫലമാകണം അദ്ദേഹം ഇന്ന് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി അംഗമാണ്. കണ്ണുപൊട്ടൻ–മുടന്തൻ പ്രസ്താവനയിലൂടെ കരീംക്കാ അടുത്ത പി.ബിയിൽ സ്ഥാനമുറപ്പിച്ചുകഴിഞ്ഞു.

കാലഘട്ടം മാറുന്നതിനനുസരിച്ച് സംഘടനാ പ്രവർത്തനത്തിൽ മാറ്റം വരുത്തുന്നതിൽ ഇടതുപക്ഷങ്ങൾക്ക് ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ചൂഷണത്തിനും നികുതിപ്പിരിവിനും ഇരകളാകുന്ന പാവ

പ്പെട്ട വ്യാപാരി വ്യവസായികളെ സംഘടിപ്പിക്കാൻ ബിന്നി ഇമ്മട്ടി എന്ന അവതാരത്തെ ഇറക്കിയിട്ടുള്ളത്. അദ്ദേഹം മാസത്തിൽ രണ്ട് സംഘടനകൾ വെച്ച് രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. വെറുതെ തേരാപാരാ നടക്കുന്നവരെയല്ല, സ്വന്തമായി എന്തെങ്കിലും ഉള്ളവരെ മാത്രമേ അദ്ദേഹം സംഘടിപ്പിക്കൂ. എർത്ത് മൂവേഴ്സ് അസോസിയേഷൻ, ടിപ്പർ ഓണേഴ്സ് അസോസിയേഷൻ, കോഴി മുതലാളി സംഘം, ആന ഉടമസ്ഥ സംഘം, നാസിക്ഡോൾ അസോസിയേഷൻ എന്നിങ്ങനെ എവിടെയൊക്കെ സാധുക്കളായ മനുഷ്യർക്ക് പീഡനം അനുഭവിക്കുന്നുണ്ടോ അവിടെയൊക്കെ രക്ഷകസ്ഥാനത്ത് ഇമ്മട്ടിയുണ്ട്. രണ്ട് നിബന്ധനകൾ മാത്രമേ അദ്ദേഹത്തിന്റെ സംഘടനകൾക്ക് നിർബന്ധമുള്ളൂ. ഒന്നാമതായി സംഘടനയിൽ ചേരുന്നയാൾ പീഡിത വിഭാഗത്തിൽപെട്ടവനും സ്വന്തമായി എന്തിന്റെയെങ്കിലും ഉടമയുമായിരിക്കണം. രണ്ടാമതായി ഫ്ളക്സ് ബോർഡ് സ്ഥാപിക്കുമ്പോൾ പകുതിസ്ഥലത്തുള്ള തന്റെ ഫോട്ടോ കഴിഞ്ഞുള്ള മറു പകുതിയിൽ ഒതുങ്ങുന്നതാകണം സംഘടനയുടെ പേരും മറ്റു മാറ്ററുകളും. പക്ഷിപ്പനി ബാധിച്ച് കോഴിക്കച്ചവടക്കാർ കഷ്ടത്തിലായ കാലത്ത് അവർക്കുവേണ്ടി ബിന്നി ഇമ്മട്ടി നടത്തിയ ഫോട്ടോ–ഫ്ളക്സ് പോരാട്ടങ്ങൾ ഐതിഹാസികമാനമുള്ളതായിരുന്നു. കോഴിയിറച്ചി തിന്നാൻ ജനം ഭയപ്പെട്ടിരുന്ന കാലത്ത്, ഇ.പി.ജയരാജനെപോലുള്ള രൂപങ്ങൾ വറുത്ത കോഴിക്കാലുകൾ ഒരു തരത്തിലുള്ള രോഗഭീതിയുമില്ലാതെ കടിച്ചുപറിക്കുന്നതിന്റെ ഫോട്ടോ കുറ്റൻ ഫ്ളക്സുകളിലാക്കി ഓരോ കവലയിലും സ്ഥാപിച്ചു. കോഴിക്കച്ചവടക്കാരെ ഇ.പി.യും ഇമ്മട്ടിയും ചേർന്ന് ധീരമായി രക്ഷപ്പെടുത്തിയ ആ ഉജ്ജ്വല പോരാട്ടം ജിഞ്ചർ ചിക്കൻ, ചില്ലി ചിക്കൻ എന്നൊക്കെ പറയുന്നതുപോലെ 'ഫ്ളക്സ് ചിക്കൻ' എന്നാണ് കോഴി മേഘലയിൽ അറിയപ്പെടുന്നത്.

കല്ല്യാൺ സമരത്തെപ്പറ്റി തൊഴിലാളികളുടെ ജിഹ്വയായ ദേശാഭിമാനിയിലും ഒരു വരി പോലും വന്നില്ലല്ലോ എന്ന് പല അജ്ഞാനികളും ചരിത്രബോധമില്ലാത്തവരും പറഞ്ഞു നടക്കുന്നുണ്ട്. ദേശാഭിമാനിയുടെ ആചാരങ്ങളും അഭിവാദനരീതികളും ഒന്നു വേറെയാണ്. വൈശാലി എന്ന സിനിമയിൽ, സ്ത്രീകളെ കാണിക്കാതെ വളർത്തി വലുതാക്കിയ ഋശ്യശൃംഗൻ എന്ന മകൻ അവിചാരിതമായി ഒരു സ്ത്രീയുമായി ചങ്ങാത്തത്തിലായതിനെ പറ്റി അച്ഛൻ വരുമ്പോൾ പറഞ്ഞുകൊടുക്കുന്ന ഒരു രംഗമുണ്ട്. മറ്റൊരു ആശ്രമത്തിലെ ആളാണെന്നാണ് ആ സ്ത്രീ അവനെ തെറ്റിദ്ധരിപ്പിച്ചിരുന്നത്. അവരുടെ ആശ്രമത്തിലെ രീതിയാണെന്നു പറഞ്ഞ് അവർ അവനെ ആലിംഗനം ചെയ്യുകയും ചുംബിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ഓർത്ത് അവൻ അച്ഛനായ വിഭാണ്ഡകനോട് പറഞ്ഞു. 'അവരുടെ ആചാരങ്ങളും അഭിവാദനരീതിയുമൊക്കെ വേറൊരു തരത്തിലാണച്ഛാ...' നഖാഗ്രം രോമമുള്ള, ഉഗ്രതപസ്വിയായ വിഭാണ്ഡകന്റെ ആശ്രമാന്തരീക്ഷമല്ല വേശ്യാത്തരുണിയായ വൈശാലിയുടെ കേളീഗൃഹം. ഒരിക്കലും മനോരമയെ പോലെയല്ല ദേശാഭിമാനി. മനോരമയെപ്പോലെ ദേശാഭിമാനി ഇരട്ടമുഖം സൂക്ഷിക്കുന്നില്ല. കല്ല്യാൺ മാനേജ്മന്റിൽനിന്ന് മുക്കുകൂലി വാങ്ങുകയും തൊഴിലാളികൾ വാങ്ങുന്ന നോക്കുകൂലിക്കെതിരെ മുഖപ്രസംഗമെഴുതുകയും ചെയ്യുന്ന കപട ധാർമ്മികത ദേശാഭിമാനി കാണിക്കുകയില്ല. അവർ ഒരിക്കലും നോക്കുകൂലിക്കെതിരെ മുഖപ്രസംഗം എഴുതില്ല. അവർക്ക് മുക്കുകൂലിയും നോക്കുകൂലിയും ഒന്നാണ്. രണ്ടുതരം വിളമ്പൽ അവരുടെ പന്തിയിലില്ല. അവിടെ സത്യസന്ധതക്കും സുതാര്യതക്കുമാണ് എന്നും സ്ഥാനമുള്ളത്. കപട ധാർമ്മികത ദേശാഭിമാനി ഒരു കാലത്തും വെച്ചു പൊറുപ്പിക്കില്ല.

പൊട്ടാസ്യം സൈനൈഡ് കുടിവെള്ളത്തിൽ കലർത്തിയാൽ പോലും പരസ്യക്കാശ് എന്ന മുക്കുകൂലി കിട്ടുമെങ്കിൽ മനോരമ പത്രം ആ വാർത്ത മുക്കിയിരിക്കും. സംശയമുള്ളവർക്ക് കോഴിക്കോട്ട് കാക്കഞ്ചേരി എന്ന സ്ഥലത്ത് മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലക്കെതിരെ സമരം നടത്തുന്ന ഗ്രാമവാസികളോട് അന്വേഷിക്കാവുന്നതാണ്. ആഭരണ നിർമ്മാണശാലയിൽ അനി

പൊട്ടാസ്യം സൈനൈഡ് കുടിവെള്ളത്തിൽ കലർത്തിയാൽ പോലും പരസ്യക്കാശ് എന്ന മുക്കുകൂലി കിട്ടുമെങ്കിൽ മനോരമ പത്രം ആ വാർത്ത മുക്കിയിരിക്കും. സംശയമുള്ളവർക്ക് കോഴിക്കോട്ട് കാക്കഞ്ചേരി എന്ന സ്ഥലത്ത് മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലക്കെതിരെ സമരം നടത്തുന്ന ഗ്രാമവാസികളോട് അന്വേഷിക്കാവുന്നതാണ്.

യന്ത്രിതമായ അളവിൽ ഉപയോഗിക്കുന്ന പൊട്ടാസ്യം സൈനൈഡ് എന്ന വിഷരാസവസ്തു സമീപ പ്രദേശത്തു താമസിക്കുന്നവരുടെ കിണറുകളിലേക്ക് കിനിഞ്ഞിറങ്ങുകയും വെള്ളം ഉപയോഗിക്കാൻ പറ്റാതാവുകയും ചെയ്യും എന്നതുകൊണ്ടാണ് അവിടെ സമരം നടക്കുന്നത്. സ്വാദ് അറിയുന്നതിനു മുൻപേ മരണം സാദ്ധ്യമാക്കുന്ന ഈ വിഷവസ്തു തങ്ങളുടെ കുടിവെള്ളത്തിൽ കലരും എന്ന് ആവലാതിപ്പെടുന്ന ഗ്രാമീണരോടൊപ്പമല്ല മനോരമ. അതിനർത്ഥം, അത്രക്കും ഭീമമായ തുകയാണ് മലബാർ ഗോൾഡിൽ നിന്നും പരസ്യക്കൂലിയായി കിട്ടുന്നത് എന്നാണ്. മറ്റു പത്രങ്ങളുടേയും ചാനലുകളുടേയും അവസ്ഥയും വേറൊന്നല്ല. വാർത്താചാനലുകളിൽ അഗ്രിമസ്ഥാനത്തെന്നവകാശപ്പെടുന്ന റിപ്പോർട്ടർ ചാനലിന്റെ ഉച്ചയ്ക്ക് ഒരു മണിക്കുള്ള ന്യൂസ് ബുള്ളറ്റിനിന്റെ പേര് തന്നെ 'കല്ല്യാൺ സിൽക്സ് വൺ പി.എം ന്യൂസ്' എന്നാണ്. ഈ പ്രയോഗം ന്യൂസ് അവതരണത്തിന്റെ ഇടവേളകളിലും അവസാനിക്കുമ്പോഴും ആവർത്തിക്കുകയും ചെയ്യും. അരഡസൻ തവണയെങ്കിലും ചാനലുകൾ തന്നെ 'കല്ല്യാൺ സിൽക്സ് വൺ പി.എം.ന്യൂസ്' എന്ന് അരമണിക്കൂറിനുള്ളിൽ പറഞ്ഞുകൊണ്ടിരിക്കുന്ന (പരസ്യം വേറെയും!) വാർത്താവതരണത്തിൽ എങ്ങിനെയാണ് മൂത്രമൊഴിക്കാനുള്ള അവകാശത്തിനുവേണ്ടി കല്ല്യാണിനുമുന്നിൽ നടത്തുന്ന 6 സ്ത്രീ തൊഴിലാളികളുടെ സമരത്തിന് കടന്നുപറ്റാനാവുക?

മലബാർ ഗോർഡിന്റെ പരസ്യം ലഭിക്കാത്ത ഏതെങ്കിലും പത്രങ്ങളോ ചാനലുകളോ കേരളത്തിലുണ്ടോ? അവരുടെ ആഭരണനിർമ്മാണശാല നിലനിൽക്കുന്ന പ്രദേശത്തുകാർക്ക് പൊട്ടാസ്യം സൈനൈഡ് കലർന്ന വെള്ളമാണ് കിണറുകളിൽനിന്നും കിട്ടാൻ പോകുന്നതെന്നും അതിനെതിരെ നാട്ടുകാർ സമരത്തിലാണെന്നും എത്ര മനോരമ വായനക്കാർക്കറിയാം? നിറപറ കർണ്ണന്റെ (നിറപറ! മറ്റൊരു പരസ്യ സാമ്രാജ്യം!) നേതൃത്വത്തിലുള്ള ക്വാറി മാഫിയ മുതലമടയിലെ പശ്ചിമഘട്ട മലനിരകൾ തുരന്നു തീർക്കുകയാണ്. ടിപ്പറുകളുടെ ചീറിപ്പാച്ചിലിനിടയിലൂടെ പൊടിശല്യം സഹിച്ച്, വിള്ളലുകൾ വീണ വീടുകളിൽ ഭയചകിതരായി കഴിയുന്ന ആദിവാസികളടക്കമുള്ള സമരപ്രവർത്തകരെ ആഴ്ചകൾക്ക് മുൻപാണ് ഗുണ്ടകൾ വടിവാൾ പോലുള്ള ആയുധങ്ങളുമായി ആക്രമിച്ചത്. അതിനെതിരെ നടന്ന പ്രതിഷേധയോഗത്തെ പോലും ഗുണ്ടാസംഘം ആക്രമിക്കുകയുണ്ടായി. ഇതൊന്നും നിറപറ പ്രൊഡക്ടുകളുടെ പരസ്യവുമായി ഇറങ്ങുന്ന മനോരമയെ പോലുള്ള പത്രങ്ങളും ചാനലുകളും അറിഞ്ഞതായി പോലും ഭാവിക്കുന്നില്ല. ഏതു വാർത്ത പൊക്കണം, ഏതുവാർത്ത മുക്കണം എന്ന് മനോരമ തീരുമാനിക്കുന്നത് മടിയിലേക്ക് എത്തുന്ന പണത്തിന്റെ കനം അനുസരിച്ചാണ്. 'നിലാവുള്ളപ്പോഴേ കക്കാൻ പറ്റൂ' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് നടപ്പിലായ ദേശീയ ഗെയിംസിന്റെ സംഘാടനത്തിലെ അഴിമതിയെപ്പറ്റി സകല പത്രങ്ങളും ചാനലുകളും നിരന്തരം വിളിച്ചുപറഞ്ഞപ്പോൾ മനോരമ മാത്രം അഴിമതി ആരോപണങ്ങൾക്കെതിരെ സർക്കാറിന്റെ പക്ഷത്ത് ശക്തമായി നിലകൊണ്ടു. 'റൺ കേരള റൺ' എന്ന പേരിൽ ഗെയിംസിന് മുന്നോടിയായി നടത്തിയ 'നെട്ടോട്ടം' സംഘടിപ്പിക്കാനെന്ന പേരിൽ പത്തരക്കോടി രൂപ സ്വന്തം പോക്കറ്റിലേക്ക് മനോരമ അടിച്ചുമാറ്റിയത് അറിയാവുന്ന ജനം അന്നേ മനസ്സിൽ പറഞ്ഞു, 'ഓടരുതച്ചായാ ആളറിയാം...'

മനോരമ പത്രം വാർത്തകൾ മുക്കുന്നതിന്റെ കല ബോധ്യപ്പെടണമെങ്കിൽ കാതിക്കുടത്തേക്ക് ചെല്ലണം. മൃഗങ്ങളുടെ എല്ല് ചീയിച്ച് ജലാറ്റിൻ ഉണ്ടാക്കുന്ന അവിടുത്തെ കമ്പനി മലിനജലം മുഴുവൻ ചാലക്കുടിപുഴയിലേക്കാണ് ഒഴുക്കുന്നത്. ഒരു നദി തന്നെ മാലിന്യച്ചാലായി മാറുകയാണ്. 18 പഞ്ചായത്തുകളിലെ ജനങ്ങൾക്കായുള്ള കുടിവെള്ള പദ്ധതി ചാലക്കുടിപുഴയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. കുടിവെള്ളം മലിനമാക്കുന്നു എന്നതുകൊണ്ട് കഴിഞ്ഞ അഞ്ച് കൊല്ലമായി കാടുകുറ്റി പഞ്ചായത്ത് ഭരണസമിതി കമ്പനിക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് കൊടുക്കുന്നില്ല. ഹൈക്കോടതിയുടെ താത്കാലിക അനുമതിയോടെയാണ് കമ്പനി പ്രവർത്തിക്കുന്നത്. ഈ മാസം രണ്ടുതവണയാണ് കമ്പനിയിൽ നിന്നുള്ള മാലിന്യപൈപ്പ് പൊട്ടി രാസമാലിന്യം പാടത്തും തോടുകളിലും ഒഴുകിയെത്തിയത്. മനോരമ ഈ വാർത്ത പൂർണ്ണമായും മുക്കിയില്ല. ഫോട്ടോ സഹിതം നാല് കോളം വാർത്ത അവർ നൽകി. ടാർ പോലെ കറുത്ത ദ്രാവകം ഒഴുകിപരന്ന് കിടക്കുന്നത് ചിത്രത്തിൽ നിന്നു തന്നെ വ്യക്തമാണ്. എങ്കിലും മനോരമ അത് സമ്മതിക്കില്ല. അവർ ഇങ്ങിനെയാണ് എഴുതുക: "കാതിക്കുടം നീറ്റജലാറ്റിൻ കമ്പനിയിൽ നിന്നുള്ള മാലിന്യം വീണ്ടും പുറത്തേക്കൊഴുകിയതായി ആക്ഷൻ കൗൺ

⇨ *അതേ ദിവസങ്ങളിൽ കല്ല്യാൺ സമരപന്തലിലും ഒരു ഇൻസ്റ്റലേഷൻ രൂപപ്പെട്ടിരുന്നു* ⇨




മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലയ്ക്കെതിരായ സമരത്തിൽ നിന്നും

സിൽ ആരോപിച്ചു. കമ്പനിയിൽ നിന്ന് ഉൽപാദന ശേഷം വെള്ളം പുഴയിലേക്ക് തള്ളുന്ന കൂറ്റൻ കുഴൽ തകർത്ത് ഒഴുക്ക് തടസ്സപ്പെടുത്തുന്ന വിധത്തിൽ കോൺക്രീറ്റ് ബ്ലോക്ക് തിരുകി കയറ്റി വെച്ചിരുന്നു. ഇത് പരിഹരിക്കാനുള്ള കമ്പനിയുടെ ശ്രമം ഏതാനും ആഴ്ച മുൻപ് സമരക്കാർ തടഞ്ഞിരുന്നു. തുടർന്ന് ഹൈക്കോടതിയിൽ നിന്ന് അനുമതി സമ്പാദിച്ച് പോലീസ് കാവലിൽ കുഴൽ അറ്റകുറ്റപ്പണി നടത്തി. കുഴലിൽ വീണ്ടും ചോർച്ച കണ്ടതിനെതുടർന്ന് ഇന്നലെ വീണ്ടും അറ്റകുറ്റപ്പണി നടത്തി. കമ്പനി ജീവനക്കാരാണ് അറ്റകുറ്റപ്പണി നടത്തിയത്." ഇത് വായിക്കുന്നവർക്ക് തോന്നുക, മാലിന്യപ്രശ്നം പരിഹരിക്കാനായി കോടതിയും പോലീസും കമ്പനിയും അശ്രാന്ത പരിശ്രമം നടത്തുകയാണെന്നും നാട്ടുകാരാണ് എല്ലാം താറുമാറാക്കുന്നതെന്നുമാണ്. ഭാഷാപ്രയോഗങ്ങളും വളരെ വിചിത്രമാണ്. 'മാലിന്യം പുറത്തേക്കൊഴുകുന്നതായി ആക്ഷൻ കൗൺസിൽ ആരോപിച്ചു, കമ്പനി നിയമലംഘനം നടത്തിയെന്ന് ആക്ഷൻ കൗൺസിൽ വാദിക്കുന്നു, ഭരണകൂടം നോക്കുകുത്തിയാണെന്ന് അവർ കുറ്റപ്പെടുത്തി' എന്നിങ്ങനെയാണ് എഴുത്തിന്റെ രീതി. മാനേജ്മെന്റിനെ പറ്റി എഴുതുമ്പോൾ മാലിന്യം 'ഒഴുക്കിവിട്ടില്ലെന്ന് മാനേജ്മെന്റ് അറിയിച്ചു, നാട്ടുകാരുടേത് ആരോപണം മാത്രമാണെന്ന് മാനേജ്മെന്റ് പറഞ്ഞു, മാലിന്യപ്രശ്നം കെട്ടിച്ചമച്ചതാണെന്ന് മാനേജ്മെന്റ് പറയുന്നു' എന്നൊക്കെയായി മാറും. അതായത്, ആക്ഷൻ കൗൺസിലിന്റേത് വെറും ആരോപണങ്ങളും കുറ്റപ്പെടുത്തലും മാത്രമാണ്. പക്ഷേ, കമ്പനി അങ്ങിനെയല്ല. കമ്പനി പറയുകയും അറിയിക്കുകയുമാണ്. കമ്പനി പറഞ്ഞാൽ പറഞ്ഞതാണ് എന്നർത്ഥം. മനോരമയാണെങ്കിൽ ഒരഭിപ്രായവും പ്രകടിപ്പിച്ചിട്ടുമില്ല. സത്യത്തെ കുഴിച്ചുമൂടുകയും അതിനുമീതെ ഒരു കുരിശുകൂടി സ്ഥാപിക്കുകയും ചെയ്യുന്ന ഇത്തരം അക്ഷരക്കച്ചവടം അവർക്ക് അപ്പനപ്പൂപ്പന്മാരുടെ കാലം തൊട്ടുള്ള ശീലമാണ്.

സരിതാ നായർ ജയിലിൽ വെച്ചെഴുതിയ കത്ത് പുറത്തുവന്ന സംഭവം എത്ര ഗംഭീരമായാണ് മാധ്യമങ്ങൾ കൊണ്ടാടിയത്. സരിത, ഇപ്പോൾ കാണിച്ചു തരില്ലെന്ന് പറഞ്ഞ് പത്രസമ്മേളനത്തിൽ ഉയർത്തിക്കാട്ടിയ കത്തിന്റെ ഓരോ പേജും എത്ര സൂക്ഷ്മതയോടും കൃത്യതയോടും കൂടിയാണ് അവർ സൂം ചെയ്ത് പുറത്തുവിട്ടത്. സരിതാ നായരെ പോലുള്ളവർ എത്തുമ്പോഴേ നമ്മുടെ മാധ്യമങ്ങൾ അവരുടെ വൈവഭവങ്ങൾ പുറത്തെടുക്കുകയുള്ളു. എവിടെ സൂം ചെയ്യണമെന്നതിനെക്കുറിച്ച് അവർക്ക് കൃത്യമായ ധാരണകളുണ്ട്. സരിത ചെയ്യുന്ന പണി മാത്രമാണ് മാധ്യമങ്ങളെ സംബന്ധിച്ച് ഏറ്റവും മൂല്യവത്തായത്. സൂം ചെയ്തെടുത്ത കത്തും അതിലെ പുരുഷനാമങ്ങളും വെച്ച് രണ്ടാഴ്ചയോളം സ്മാർത്തവിചാരം നടത്തിയും ഗ്വാ ഗ്വാ വിളിച്ചും വിളിപ്പിച്ചും മാധ്യമങ്ങൾ ആഘോഷിച്ചു തിമിർത്തു. പത്തും പന്ത്രണ്ടും മണിക്കൂർ നിന്ന നില്പിൽ ജോലി ചെയ്യേണ്ടി വരുന്ന തൊഴിലാളി സ്ത്രീകളുടെ അവകാശ സമരങ്ങളിൽ യാതൊരു വാർത്താമൂല്യവുമില്ലെന്നു തന്നെ അവർ കരുതുന്നു. സരിതാനായരെ പോലുള്ളവരെ കിട്ടിയില്ലെങ്കിൽ പണക്കൊഴുപ്പിന്റേയും ആർഭാടങ്ങളുടേയും മേളകളാണ് അവർ തേടുക. 108 ദിവസങ്ങളിലായി കൊച്ചിയിൽ കോടികൾ പൊടിച്ച് നടത്തിയ കലാമാമാങ്കമായ ബിനാലെയിലെ വിശേഷങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒരു ദിവസം പോലും കാണില്ല. അതേ ദിവസങ്ങളിൽ കല്ല്യാൺ സമരപന്തലിലും ഒരു ഇൻസ്റ്റലേഷൻ രൂപപ്പെട്ടിരുന്നു. പത്രങ്ങളുടെ പ്രതിരൂപത്തിന്റെ വായ, കല്ല്യാണിൽ നിന്നും വാങ്ങിച്ച പട്ടുകൊണ്ട് മൂടിക്കെട്ടുന്ന ഇൻസ്റ്റലേഷൻ. 'പത്രങ്ങൾക്ക് പട്ട് ചാർത്തൽ' എന്നത് സമരപന്തലിലെ ദിവസേനയുള്ള ആചാരമായി മാറിയിരുന്നു. പത്രങ്ങളോ ചാനലുകളോ തങ്ങ

ളെ പിന്തുണക്കാനില്ലെന്ന് ഓരോ ദിവസവും സ്വയം ബോദ്ധ്യപ്പെടുത്തികൊണ്ടായിരുന്നു അവർ തങ്ങളുടെ സഹനസമരത്തിന് കരുത്ത് നേടിക്കൊണ്ടിരുന്നത്. 106 ദിവസം വെയിലും മഴയും പൊടിയും സഹിച്ച് വഴിയോരത്തിരുന്ന് സമരം ചെയ്യുന്നതല്ല, കലാമാമാങ്കത്തിന്റെ 108-ാമത്തെ ദിവസം അമേരിക്കയിൽ നിന്നും വന്ന കലാകാരനു നേരിടേണ്ടി വരുന്ന മനക്ലേശമാണ് മനോരമയെ പോലുള്ള പത്രങ്ങളെ പൊള്ളിക്കുക എന്ന യാഥാർത്ഥ്യം സമരം തീർന്ന വേളയിൽ അവർ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഇരുപത് കിലോമീറ്ററോളം ദൂരത്തേക്കുള്ള കിണറുകളിലേക്ക് പൊട്ടാസ്യം സൈനേഡ് പോലുള്ള മാരക രാസവസ്തുക്കൾ കിനിഞ്ഞിറങ്ങുന്ന തരത്തിൽ വ്യവസായശാല നടത്താൻ ഒരുമ്പെടുന്ന മലബാർ ഗോൾഡിനെതിരെ നാട്ടുകാർ നടത്തുന്ന സമരം കാണുവാൻ ലെൻസുകൾ സൂം ചെയ്യേണ്ട കാര്യമൊന്നുമില്ല. അതുപോലെ തന്നെയാണ് പതിനെട്ടോളം പഞ്ചായത്തുകളുടെ കുടിവെള്ളത്തെ വിഷലിപ്തമാക്കുന്ന കാതിക്കുടം നിറ്റാജലാറ്റിൻ കമ്പനിക്കെതിരെയും മുതലമടയിൽ കുടിവെള്ള സ്രോതസ്സുകളെ ഉത്ഭവ സ്ഥാനത്ത് വച്ച് തകർത്തുകൊണ്ടിരിക്കുന്ന നിറപറ കർണ്ണന്റെയും കൂട്ടരുടെയും നേതൃത്വത്തിലുള്ള ക്വാറി മാഫിയയ്ക്കെതിരെ നടക്കുന്ന ജനകീയ സമരങ്ങളും. കല്ല്യാൺ സാരീസിന് മുന്നിൽ സമരത്തിന് ഇരുന്ന സ്ത്രീകൾ അനുഭവിച്ച മനുഷ്യാവകാശ നിഷേധങ്ങൾ അറിയുന്നതിന് കണ്ണ് തുറന്നുപിടിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. ചുറ്റും കാണുന്ന കാഴ്ചകൾക്ക് നേരെ കണ്ണ് ചിമ്മുകയും സരിതാ നായരെ പോലുള്ളവരുടെ സ്വകാര്യതകളിലേക്ക് ലെൻസ് സൂം ചെയ്യുകയുമാണ് യഥാർത്ഥ ധാർമ്മിക പത്രപ്രവർത്തന ശൈലി എന്ന് മനോരമ ധരിച്ചുവശായിട്ടുള്ളതായി തോന്നുന്നു. ഇത്തരം പത്രപ്രവർത്തനരീതികളോട് രോഷം തോന്നുന്ന മലയാളിക്ക് വിളിക്കാൻ വേണ്ടിയായിരിക്കാം ഒരു മ വേണ്ടിടത്ത് രണ്ട് മ വീതം മാമ്മൻ മാപ്പിള മുതൽ ഫിലിപ്പ് മാമ്മൻ മാത്യുവരെ സ്വന്തം പേരിൽ ചുമന്നുനടക്കുന്നത്.

നോക്കുകൂലി തർക്കത്തെ തുടർന്ന് വാസ്വോ കലാസൃഷ്ടി നശിപ്പിക്കുന്നതിന്റെ വീഡിയോ യൂ ട്യൂബിൽ പോസ്റ്റു ചെയ്യുകയുണ്ടായെന്നും അത് മണിക്കൂറുകൾക്കകം വൈറലായി മാറിയെന്നും മനോരമ മുഖപ്രസംഗത്തിൽ പറയുന്നുണ്ട്. മനോരമയും മാതൃഭൂമിയും ദേശാഭിമാനിയും പോലുള്ള പത്രങ്ങൾ വാർത്തകൾ മുക്കുന്നതിന്റെ വൈഭവം വീഡിയോയിലാക്കി, ആരെങ്കിലും യൂട്യൂബിൽ വാസ്വോ ചെയ്തതു പോലെ പോസ്റ്റു ചെയ്താൽ എങ്ങിനെയിരിക്കും? നാട്ടിലുള്ള സകല കുട്ടിച്ചാത്തന്മാരുടെയും മഷിനോട്ടക്കാരുടേയും പരസ്യം ഒരു ലജ്ജയുമില്ലാതെ മുൻപേജിൽ തന്നെ കൊടുക്കുകയും അതിനെ തുടർന്ന് അടിക്കടി പെൺകിടാങ്ങൾ ദുർമന്ത്രവാദത്തിനിരയായി കൊല്ലപ്പെടുമ്പോൾ 'കേരളത്തെ നാണം കെടുത്തുന്ന അന്ധവിശ്വാസക്കൊല' എന്ന് മുഖപ്രസംഗം എഴുതുകയും ചെയ്യുന്ന വിധത്തിലുള്ള മാതൃഭൂമിയുടെയും മനോരമയുടെയും ഏർപ്പാട് നിമിഷങ്ങൾക്കകം വൈറൽ ആവില്ലേ? നമ്മുടെ പത്രങ്ങളുടെ വീഡിയോ ആരും പോസ്റ്റു ചെയ്യാതിരിക്കട്ടെ. വൈറൽ ബാധിച്ച് ഇന്റർനെറ്റ് തന്നെ തിരിച്ചുവരാൻ സാധിക്കാത്ത വിധം ഹാങ്ങ് ആയി പോയാലോ....

വാസ്വോ നോക്കുകൂലിയിൽ പ്രതിഷേധിച്ച് ശില്പം എറിഞ്ഞുടച്ചതുപോലെ മുക്കുക്കൂലിക്കെതിരേ പ്രതിഷേധിച്ച് നമ്മുടെ വായനക്കാർ മനോരമയോ മാതൃഭൂമിയോ ദേശാഭിമാനിയോ എറിയാൻ മുതിർന്നാൽ ആ പത്രങ്ങൾ ഉടയുമോ? അതു സാദ്ധ്യമല്ലാത്ത സ്ഥിതിക്ക് ടോയ്‌ലെറ്റ് പേപ്പറായി ഉപയോഗിക്കുകയാണ് മറ്റൊരു വഴി. വെള്ളപേപ്പറിൽ പത്രാധിപരും കൂട്ടരും പതിപ്പിച്ച കറുത്തമഷിയുടെ പാപക്കറ സ്വന്തം മലത്തെപോലും മലിനമാക്കുമെന്ന് കരുതി മാത്രമല്ലേ മലയാളി അതിന് മുതിരാത്തത്?

**വാൽക്കഷ്ണം:**

മനോരമ ഒരു ചെറിയ കാര്യത്തിന് സഹായിക്കുമ്പോൾ പോലും അതിൽ എത്രമാത്രം അരാഷ്ട്രീയത കലർത്തുന്നു എന്നത് പഠനവിഷയമാക്കേണ്ടതാണ്. മനോരമ കൊടുക്കുന്ന 'രാഷ്ട്രീയ വിദ്യാഭ്യാസം' വനിത എന്ന മാസികയിലൂടെ വീട്ടമ്മമാരിലേക്കും എത്തുന്നത് നോക്കുക. പൊടിക്കൈ, നുറുങ്ങുകൾ എന്നൊക്കെയുള്ള പേരിൽ പല മാസികകളിലും ചെറിയ ബോക്സുകൾ കാണാറുള്ളതുപോലൊന്ന് കഴിഞ്ഞ ഫെബ്രുവരിയിൽ വനിതയിലും ഉണ്ടായിരുന്നു. നമ്മുടെ അടുക്കളകളിലേക്ക് മനോരമ എത്ര തഞ്ചത്തിലാണ് ആയുധങ്ങൾ ഒളിച്ചുകടത്തുന്നത്!. 'ഈസി ടിപ്സ്' എന്ന ബോക്സിൽ ഇങ്ങനെയാണ് ഉദ്ബോധനം: "കൊച്ചുകൊച്ചു കാര്യങ്ങൾക്കും അടുക്കും ചിട്ടയും ശീലിക്കാം. അതുവഴി സമയവും ലാഭിക്കാം. കാറിൽ ഒരു ചെറിയ പേപ്പർ പെട്ടിവച്ച് അതിൽ നാണയങ്ങൾ ഇട്ടുവയ്ക്കാം. ടോൾ കൊടുക്കുന്നതുപോലുള്ള സാഹചര്യങ്ങളിൽ ഗുണം ചെയ്യും." (വനിത, ഫെബ്രുവരി 1-14, 2015).■